പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1224 08/02/2013 ൽ മറുപടിയ്ക്ക്

## ലാന്റ് ഇൻഫർമേഷൻ മിഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. വർക്കല കഹാർ<br>ശ്രീ.പാലോട് രവി<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. എ.റ്റി.ജോർജ് | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 17/10/2008 ലെ സർക്കാർ ഉത്തരവ് (എം. എസ്) നമ്പർ 346/2008/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ചാണ് " ഭൂമികേരളം പദ്ധതി " നടപ്പിലാക്കുവാനായി 'കേരള ലാന്റ് ഇൻഫർമേഷൻ മിഷന് ' തുടക്കമിട്ടത് |
| (ബി) | ഇവയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സംസ്ഥാനത്തിന്റെ റീസർവ്വേ 3 വർഷത്തിനുള്ളിൽ പൂർത്തിയാക്കുക<br>2.സർക്കാർ ഭൂമികളുടെ റിക്കാർഡുകൾ നാളതീകരിക്കുക.<br>3. 27,000 ഹെക്ടറുള്ള ഭൂമി ആദിവാസികൾക്ക് നൽകുന്നതിനുള്ള സർവെ റിക്കാർഡുകൾ തയ്യാറാക്കുക<br>4.നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിനു കീഴിൽ തിരുവനന്തപുരം ജില്ലയിലെ 31 വില്ലേജുകളുടെ സർവെ പൂർത്തിയാക്കുക.<br>5.ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ കൈവശഭൂമി അളന്നു തിട്ടപ്പെടുത്തി കമ്പനി അധികമായി കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ വിസ്തൃതി കണ്ടെത്തുക.<br>6.പൊതുകാര്യങ്ങൾക്കായുള്ളതും സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിക്കുന്നതുമായ പ്രത്യേക പദ്ധതികളുടെ സർവ്വെ ജോലികൾ ചെയ്യുക. |

| | | | |
|---|---|---|---|
| (സി) | ഭൂവിസ്തൃതി നിർണ്ണയത്തിനും സ്കെച്ചുകൾ തയ്യാറാക്കുന്നതിനും എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംരംഭത്തിൽ ഒരുക്കിയിട്ടുളളത്; | (സി) | ഹൈബ്രിഡ് സർവെ ടെക്നോളജിയായ ഏരിയൽ ഫോട്ടോഗ്രാമട്രിയുടെ സഹായത്താൽ ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ, ജി.പി.എസ് എന്നീ ഉപകരണങ്ങൾ ഉപയോഗിച്ചും ആധുനിക സർവെ രീതിയായ ഗ്രിഡ് സിസ്റ്റത്തിലുമാണ് മിഷൻ ഏറ്റെടുത്തിട്ടുള്ള ഭൂരിഭാഗം സർവെകളും ചെയ്തുവരുന്നത്. പരമ്പരാഗത രീതിയിലുള്ള ഉപകരണങ്ങൾ പാടെ ഒഴിവാക്കി സർവെയുടെ കൃത്യത ഉറപ്പാക്കുന്നതിനായി പൂർണ്ണമായും കമ്പ്യൂട്ടർ അധിഷ്ഠിതമായാണ് സർവെ ജോലികൾ നിർവ്വഹിക്കുന്നത്. |
| (ഡി) | എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് പ്രസ്തുത സംരംഭത്തിനു വേണ്ടി പ്രയോജനപ്പെടുത്തുന്നത്? | (ഡി) | ലോകത്താകമാനം അംഗീകരിച്ച World Geodetic System 84 datum പ്രകാരം ജി.പി.എസ്. പോയിന്റുകൾ സ്ഥാപിച്ചും തുടർന്ന് ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ചുമാണ് സർവെ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ